കേരള സർക്കാർ

നം.11099/ആർ.സി 3/15/ത.സ്വ.ഭ.വ.

തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്.
തിരുവനന്തപുരം, തീയതി 29.7.2015.

പ്രേഷിതൻ

പ്രിൻസിപ്പൽ സെക്രട്ടറി.

സ്വീകർത്താവ്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ഡെപ്യൂട്ടി പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

OFFICE OF THE DIRECTOR OF PANCHAYATS
31 JUL 2015
THIRUVANANTHAPURAM

സർ,

**വിഷയം :** തദ്ദേശ സ്വയംഭരണ വകുപ്പ്- 9.7.2015-ന് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതിയിൽ കൂടിയ സർവ്വ കക്ഷി യോഗത്തിലെ തീരുമാനം - സംബന്ധിച്ച്.

**സൂചന :** --

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. 9.7.2015-ന് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ സർവ്വകക്ഷിയോഗത്തിലെ തീരുമാനങ്ങൾ അറിവിലേക്കും അടിയന്തിര നടപടികൾക്കുമായി അയയ്ക്കുന്നു.

വിശ്വസ്തതയോടെ,

പി.എൻ. സുരേഷ് കുമാർ
അണ്ടർ സെക്രട്ടറി
അണ്ടർ സെക്രട്ടറിക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ

# 9.7.2015-ന് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ സർവ്വകക്ഷി യോഗത്തിന്റെ മിനിട്സ്.

യോഗ നടപടികൾ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിലും കൃത്യം 12 മണിക്ക് ആരംഭിച്ചു.

കേരളത്തിൽ പ്രത്യേകിച്ചും നഗര പ്രദേശങ്ങളിൽ തെരുവ് നായ്ക്കളുടെ ശല്യം വളരെ കൂടുതലാണ്. കാൽനടക്കാരായ സ്ത്രീകളേയും, കുട്ടികളേയും, ഇരുചക്രവാഹനയാത്രക്കാരേയും തെരുവ് നായ്ക്കൾ കൂടുതലായും ആക്രമിക്കുന്നത്. തെരുവ്നായ്ക്കളുടെ ശല്യം കുറയ്ക്കുന്നതിനായി നിലവിലുള്ള നിയമങ്ങളുടെ അടിസ്ഥാനത്തിൽ സ്വീകരിക്കേണ്ട സത്വര നടപടികളെ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനാണ് യോഗം വിളിച്ചു ചേർത്തത് എന്ന് ബഹു മുഖ്യമന്ത്രി ആമുഖമായി പറഞ്ഞു.

വിവിധ കക്ഷി നേതാക്കൾ ഈ വിഷയത്തെക്കുറിച്ച് വിശദമായി സംസാരിച്ചു. പ്രസ്തുത ചർച്ചയ്ക്ക് ഒടുവിൽ താഴെപറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.

## തീരുമാനങ്ങൾ

1. തെരുവ്നായ്ക്കളുടെ വംശവർദ്ധനവ് തടയുന്നതിനും, പേവിഷബാധയുണ്ടാകാതിരിക്കുന്നതിനും അവയ്ക്ക് വന്ധ്യംകരണ ശസ്ത്രക്രിയ (ABC Programme) നടത്തി വാക്സിനേഷൻ നൽകാനും, വാക്സിനേഷൻ നൽകിയ നായ്ക്കളെ തിരിച്ചറിയുന്നതിന് എന്തെങ്കിലും അടയാളം നൽകണം.

2. പൊതുജനത്തിന് അപകടകാരികളായ നായ്ക്കളെ കൊല്ലുന്നതിനുള്ള നടപടി സ്വീകരിക്കണം.

3. വാക്സിനേഷൻ ഫലപ്രദമായി നടപ്പിലാക്കുക.

4. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നായ്ക്കളെ വന്ധ്യംകരണവും വാക്സിനേഷനും നടത്തുന്നതിന് നടപടി ത്വരിതപ്പെടുത്തുക.

5. ABC Programme നടപ്പിലാക്കുന്നതിന് മൃഗസംരക്ഷണ വകുപ്പിന്റെ സഹകരണം ഉറപ്പാക്കണം.

6. നായ്ക്കളുടെ കടിയേറ്റ് വരുന്നവർക്ക് ചികിത്സയ്ക്ക് ആവശ്യമായ മരുന്നുകൾ ലഭ്യമാക്കുന്നതിന് ആരോഗ്യവകുപ്പ് ശ്രദ്ധിക്കണം.

മേൽ കാര്യങ്ങളെക്കുറിച്ച് വിശദമായി ചർച്ച ചെയ്യുന്നതിനായി ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാർ, ജില്ലാ ആസ്ഥാനത്തുള്ള നഗരസഭാ ചെയർമാൻമാർ, കോർപ്പറേഷൻ മേയർമാർ എന്നിവരെ ഉൾക്കൊള്ളിച്ച് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 14.7.2015 ന് നിയമസഭയിലെ 610-ാം നമ്പർ ഹാളിൽ വച്ച് യോഗം കൂടുന്നതിനും തീരുമാനിച്ചു.

ഉച്ചയ്ക്ക് 1 മണിയോടുകൂടി യോഗം അവസാനിച്ചു.